പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.

**EX-II/1/14452/HSE/2019**

തീയതി : 28/02/2020

# സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2020 - ചോദ്യപേപ്പർ കൈപ്പറ്റുന്നതും, സുരക്ഷയും - സംബന്ധിച്ച്.

സൂചന: - 30/12/2019 തീയതിയിലെ സ.ഉ.(സാധാ).നം.5772/2019/പൊ.വി.വ. നം. ഉത്തരവ്.

മാർച്ച് 2020 - ലെ ഹയർസെക്കന്ററി പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചീഫ് സൂപ്രണ്ടും, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും ചേർന്ന് കൈപ്പറ്റേണ്ടതും, ആവശ്യമായ ചോദ്യപേപ്പറുകൾ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ചോദ്യപേപ്പറുകളുടെ എണ്ണം, വിഷയം എന്നിവ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ചോദ്യപേപ്പറുകൾ കൈപ്പറ്റുന്നതിന് ഹാജരാകാത്ത ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരുടെ വിവരങ്ങൾ dhseextwo@gmail.com എന്ന മെയിലിലേക്ക് അയച്ചുതരുന്നതിന് ചീഫ് സൂപ്രണ്ടുമാർ ശ്രദ്ധിക്കേണ്ടതാണ്. ചോദ്യപേപ്പറുകൾ കൈപ്പറ്റുന്നതിന് ഹാജരാകാത്ത ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

സൂചന സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ചോദ്യപേപ്പറുകൾ സ്ട്രോങ്ങ് റൂമുകളിലെ ഇരട്ടപൂട്ടുള്ള അലമാരകളിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്ന മുറിയിൽ നിർദ്ദേശാനുസരണം സി.സി.റ്റി.വി. ക്യാമറ ഉറപ്പാക്കേണ്ടതുമാണ്. ചോദ്യപേപ്പറുകൾ എത്തിച്ചേരുന്ന ദിവസം മുതൽ വാച്ച്മാന്റെ സേവനം ഉറപ്പാക്കി അവ ഭദ്രമായി സൂക്ഷിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ചീഫ് സൂപ്രണ്ടിനായിരിക്കും.

സെക്രട്ടറി
ബോർഡ് ഓഫ് ഹയർ സെക്കന്ററി
എക്സാമിനേഷൻസ്, കേരള